കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി നടപ്പുസാമ്പത്തിക വർഷം ഉപയോഗിച്ച തുക

56 (T 1424) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രാവിഷ്കൃതപദ്ധതികൾക്കായി നടപ്പു സാമ്പത്തിക വർഷം എത്ര കോടി രൂപ കേന്ദ്രം അനുവദിച്ചു ; അതിൽ എത്ര തുക 2015 മേയ് മാസം വരെ ചെലവാക്കി ; വകുപ്പുതിരിച്ചും ഇനം തിരിച്ചും വിശദാംശം ലഭ്യമാക്കുമോ ;

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 2014-15 വർഷം എത്ര തുക വകയിരുത്തി ; എത്ര തുക അനുവദിച്ചു; എത്ര തുക ഓരോ വകുപ്പും ചെലവാക്കി ; എത്ര തുക ലാപ്സായി ; എത്ര തുക വകമാറ്റി ചെലവാക്കി ; വ്യക്തമാക്കുമോ ;

(സി) 2014-15 വർഷം ചെലവാക്കാൻ കഴിയാത്ത തുക എത്ര ; ഇതിൽ എത്ര തുക കേന്ദ്ര അനുമതിയോടുകൂടി 2015-16 വർഷം ചെലവാക്കാനായി മാറ്റിവച്ചിട്ടുണ്ട് ; ഇത്തരത്തിൽ 2011-12 മുതൽ ചെലവാക്കാനായി കേന്ദ്ര അനുമതി ലഭിച്ച തുക എത്ര ; വ്യക്തമാക്കുമോ ;

(ഡി) ഇത്തരത്തിൽ ഒരു സാമ്പത്തിക വർഷം കേന്ദ്രം അനുവദിക്കുന്ന തുകയിലെ ഒരു ഭാഗം അടുത്ത വർഷം ഉപയോഗിക്കേണ്ടിവന്നിട്ടുണ്ടോ ; 2011-12 മുതലുള്ള കണക്ക് ലഭ്യമാക്കുമോ ;

(ഇ) ഇത് സർക്കാരിന്റെ ആസൂത്രണ വിഭാഗത്തിന് വന്ന പിഴവാണോ, അല്ലെങ്കിൽ മറ്റുകാരണങ്ങളാണോ എന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

(എഫ്) എങ്കിൽ പ്രസ്തുത കാരണത്തിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർ ആരെല്ലാം എന്ന് പരിശോധിച്ചുവോ ; വിശദാംശം ലഭ്യമാക്കുമോ ;

(ജി) 2011-12 വർഷം മുതൽ ഓരോ വർഷവും കേന്ദ്രാവിഷ്കൃത പദ്ധതിയിൽ കുറവുവന്നിട്ടുണ്ടോ ; വർഷം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ; കുറവുവന്നിട്ടുണ്ടെങ്കിൽ ഇതു പരിഹരിക്കാൻ എന്തു നടപടികൾ സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ ?

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 2015-16 വാർഷിക പദ്ധതിയിൽ 7686.32 കോടി രൂപ വകകൊള്ളിച്ചിട്ടുണ്ട്. 31-5-2016 വരെയുള്ള താൽക്കാലിക കണക്ക് പ്രകാരം 104.08 കോടി രൂപ (1%)ചെലവഴിച്ചിട്ടുണ്ട്. വകുപ്പ് തിരിച്ച കണക്ക് അനുബന്ധം (1) ആയി നൽകുന്നു.*

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 2014-15 വർഷം 2733.53 കോടി രൂപ വകയിരുത്തുകയും ഓരോ വകുപ്പിനും 421.24 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. വകയിരുത്തിയ തുകയും ചെലവാക്കിയ തുകയും ശതമാനവും അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.* ലാപ്സായ തുകയുടേയും വകമാറ്റി ചെലവഴിച്ച തുകയുടേയും വിവരം ശേഖരിച്ചുവരുന്നു.

(സി-എഫ്) വിവരം ശേഖരിച്ചുവരുന്നു.

(ജി) 2011-12 വർഷം മുതൽ ഓരോ വർഷവും കേന്ദ്രാവിഷ്കൃത പദ്ധതിയിൽ കുറവ് വന്നിട്ടില്ല.

2011-12 വർഷം മുതൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് വകയിരുത്തിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു :

(തുക കോടിയിൽ)

വർഷം	പദ്ധതി വിഹിതം
2011-12	1406.28
2012-13	2176.6
2013-14	2643.2
2014-15	2733.53

മിഷൻ 676

57 (1425) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആസൂത്രണ ബോർഡിന്റെ നേതൃത്വത്തിൽ മിഷൻ 676 പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.